REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-03-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാൾ ED അറസ്റ്റിനെതിരെ സമർപ്പിച്ച ഹർജി പിൻവലിച്ചതായി മാധ്യമ റിപ്പോർട്ടുകൾ.**
- **രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഭൂട്ടാനിലെത്തി.**
- **ISRO യുടെ പുനരുപയോഗ വിക്ഷേപണ വാഹനം പുഷ്പകിന്റെ രണ്ടാം ലാൻഡിംഗ് പരീക്ഷണവും വിജയകരം.**
- **സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് പ്രചാരണം സജീവമായി തുടരുന്നു.**
- **IPL ട്വന്റി-20 ക്രിക്കറ്റ് 17-ാം സീസൺ മൽസരങ്ങൾക്ക് രാത്രി എട്ടിന് ചെന്നൈയിൽ തുടക്കമാകും.**

## വാർത്തകൾ വിശദമായി

മദ്യനയക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാൾ ED അറസ്റ്റിനെതിരെ നൽകിയ റിട്ട്ഹർജി സുപ്രീംകോടതി ഇന്നുതന്നെ പരിഗണിയ്ക്കും. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, MM സുന്ദരേഷ്, ബേലാ ത്രിവേദി എന്നിവരടങ്ങിയ ബെഞ്ചിനോട് ഹർജി അടിയന്തരമായി പരിഗണിക്കാൻ, ചീഫ് ജസ്റ്റിസ് DY ചന്ദ്രചൂഡ് ആവശ്യപ്പെട്ടു. അല്പസമയത്തിനകം കേസ് സുപ്രീംകോടതി പരിഗണനയ്ക്കെടുക്കും. എന്നാൽ മദ്യനയക്കേസിൽ കഴിഞ്ഞയാഴ്ച അറസ്റ്റിലായ BRS നേതാവ് K കവിതയുടെ ഹർജി പരിഗണിയ്ക്കാൻ സുപ്രീംകോടതി വിസമ്മതിച്ചു.

ഡൽഹിയിൽ കെജരിവാളിന്റെ അറസ്റ്റിനെതിരെ ശക്തമായ പ്രതിഷേധം തുടരുകയാണ്. പ്രതിഷേധിച്ച ആം ആദ്മി പാർട്ടി മന്ത്രിമാരായ അതിഷി സൗരവ് ഭരദ്വാജ് എന്നിവരെ പൊലീസ് അറസ്റ്റുചെയ്തു.

കെജരിവാളിന്റെ അറസ്റ്റിനെതിരെ പ്രതിപക്ഷ രാഷ്ട്രീയ കക്ഷി നേതാക്കൾ ശക്തമായി പ്രതികരിച്ചു. എൻഫോഴ്സ്മെന്റ് വകുപ്പിനെ കേന്ദ്രം ദുരുപയോഗം ചെയ്യുകയാണെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ കുറ്റപ്പെടുത്തി.

എന്നാൽ ED അയച്ച സമൻസിനെ ഒൻപതു തവണയും നിരാകരിച്ച കെജരിവാൾ നിയമ വ്യവസ്ഥയെ ബഹുമാനിച്ചില്ലെന്ന് BJP വക്താവ് സംബിദ് പത്ര പറഞ്ഞു. സമൻസ് നിയമവിരുദ്ധമാണെന്ന് കുറ്റപ്പെടുത്തി ഒരു തവണ പോലും ED യുടെ മുന്നിൽ ഹാജരാകാൻ അദ്ദേഹം തയ്യാറായില്ലെന്നും സംബിദ് പറഞ്ഞു.

✪✪✪

അരവിന്ദ് കേജരിവാളിന്റെ അറസ്റ്റ് ഗൗരവമേറിയ കേസിലാണെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K.സുരേന്ദ്രൻ പറഞ്ഞു. വ്യക്തമായ തെളിവിന്റെ അടിസ്ഥാനത്തിലാണ് കേസ് മുന്നോട്ട് പോകുന്നതെന്നും അഴിമതിക്കെതിരായ ശക്തമായ നീക്കമാണ് ഏജൻസികൾ നടത്തിക്കൊണ്ടിരിക്കുന്നതെന്നും K.സുരേന്ദ്രൻ തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്-രിവാളിനെ അറസ്റ്റ് ചെയ്ത നടപടിയിൽ തെറ്റില്ലെന്ന് മുൻ ചീഫ് വിപ്പ് P.C ജോർജ്ജ് കോഴിക്കോട്ട് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. വോട്ട് രാഷ്ടീയത്തിന്റെ പേരിലാണ് LDF ഉം UDF ഉം തെരഞ്ഞെടുപ്പിൽ ഇത് വിഷയമാക്കുന്നതെന്നും PC ജോർജ് അഭിപ്രായപ്പെട്ടു.

✪✪✪

ലോക് സഭാ തെരഞ്ഞെടുപ്പ് അടുത്തിരിക്കെ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാളിനെ അറസ്റ്റ് ചെയ്ത നടപടി ജനങ്ങളെ വെല്ലുവിളിക്കുന്നതാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. പ്രതിപക്ഷ കക്ഷികളെ അടിച്ചമർത്തുന്ന നീക്കത്തിന്റെ ഭാഗമായാണ് അറസ്റ്റെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു. CAA വിഷയത്തിൽ സംസ്ഥാന ഗവൺമെന്റിന് കോടതിയെ സമീപിക്കാൻ നിയമപരമായി സാധിക്കില്ലെന്നും എന്നാൽ വ്യക്തികൾക്ക് അതിന് കഴിയുമെന്നും ചെന്നിത്തല പറഞ്ഞു.

✪✪✪

ഇപ്പോൾ കിട്ടിയത്........

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാൾ സുപ്രീംകോടതിയിൽ ED അറസ്റ്റിനെതിരെ നൽകിയ ഹർജി പിൻവലിച്ചതായി മാധ്യമ റിപ്പോർട്ടുകൾ പറയുന്നു. എൻഫോഴ്സ്മെന്റ് വകുപ്പ് നൽകിയ തടസ്സ ഹർജിയുടെ സാഹചര്യത്തിലാണ് നടപടിയെന്നും റിപ്പോർട്ടുണ്ട്.

✪✪✪

രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഭൂട്ടാനിലെത്തി. ഭൂട്ടാനിലെ പാരോ വിമാനത്താവളത്തിലെത്തിയ പ്രധാനമന്ത്രിയെ ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേ സ്വീകരിച്ചു. സന്ദർശന വേളയിൽ ഭൂട്ടാൻ രാജാവ് ജിഗ്മേ ഖേസർ നാംഗ്യേൽ വാങ്ചുക്കിനോടൊപ്പം പ്രധാനമന്ത്രി വിവിധ പരിപാടികളിൽ പങ്കെടുക്കും.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഒൻപത് സ്ഥാനർത്ഥികളുടെ മൂന്നാം പട്ടിക BJP പുറത്തിറക്കി. കേന്ദ്ര സഹമന്ത്രി ഡോ L മുരുഗൻ നീലഗിരി ലോക്സഭാ മണ്ഡലത്തിൽ നിന്നും, തെലങ്കാന മുൻ ഗവർണ്ണർ തമിൾ ഇസൈ സൗന്ദർ രാജൻ ചെന്നൈ സൗത്ത് സീറ്റിൽ നിന്നും മത്സരിക്കും. മുതിർന്ന BJP നേതാവ് K അണ്ണാമല കോയമ്പത്തൂർ മണ്ഡലത്തിലാണ് ജനവിധി തേടുന്നത്.

57 സ്ഥാനാർത്ഥികളുടെ പട്ടിക കോൺഗ്രസും പുറത്തിറക്കി. അരുണാചൽപ്രദേശ് മുൻമുഖ്യമന്ത്രി നബാം തൂക്കി അരുണാചൽ വെസ്റ്റ് മണ്ഡലത്തിൽ നിന്നും, പുതുച്ചേരി മുൻ മുഖ്യമന്ത്രി വൈത്തിലിംഗം പുതുച്ചേരിയിൽ നിന്നും മത്സരിക്കും. ലോക്സഭയിലെ കോൺഗ്രസ് കക്ഷി നേതാവ് അധിർ രഞ്ജൻ ചൗധരി വെസ്റ്റ്ബംഗാളിലെ ബഹ്-രംപൂരിൽ നിന്നാണ് ജനവിധി തേടുന്നത്.

✪✪✪

ഗവൺമെന്റ് പണമിടപാടുകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് എല്ലാ ബാങ്കുകൾക്കും മാർച്ച് 31-ഞായറാഴ്ച പ്രവൃത്തി ദിവസമായിരിക്കുമെന്ന് റിസർവ് ബാങ്ക് അറിയിച്ചു. ഇത് സംബന്ധിച്ച ഗവൺമെന്റ് അഭ്യർത്ഥന പരിഗണിച്ചാണ് ബാങ്കുകൾക്ക് റിസർവ് ബാങ്ക് നിർദ്ദേശം നൽകിയത്.

✪✪✪

ISRO യുടെ പുനരുപയോഗിക്കാവുന്ന വിക്ഷേപണ വാഹനമായ പുഷ്പകിന്റെ രണ്ടാം ലാൻഡിംഗ് പരീക്ഷണവും വിജയകരമായി പൂർത്തിയാക്കി. കർണാടകയിലെ ചിത്രദുർഗിൽ രാവിലെ 7.10നായിരുന്നു പരീക്ഷണം. കഴിഞ്ഞ

വർഷമാണ് പുഷ്പകിന്റെ ആദ്യ പരീക്ഷണം വിജയകരമായി നടത്തിയത്. ദൗത്യത്തിന് നേതൃത്വം നൽകിയ സംഘത്തെ ISRO ചെയർമാൻ S. സോമനാഥ് അഭിനന്ദിച്ചു.

✪✪✪

പൗരത്വ നിയമ ഭേദഗതിക്കെതിരെ ഭരണഘടനാ സംരക്ഷണ സമിതി അഞ്ച് ജില്ലകളിൽ സംഘടിപ്പിക്കുന്ന റാലികൾക്ക് ഇന്ന് കോഴിക്കോട്ട് തുടക്കമാകും. ഇന്ന് കോഴിക്കോട്ടും നാളെ കാസർകോട്ടും 24 ന് കണ്ണൂരും 25 ന് മലപ്പുറത്തും 27 ന് കൊല്ലത്തും നടത്തുന്ന റാലികളിൽ മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കും.

✪✪✪

തിരുവനന്തപുരത്ത് തിരഞ്ഞെടുപ്പ് പ്രചാരണം സജീവമായി തുടരുന്നു.സിറ്റിംഗ് MP യും, UDF സ്ഥാനാർത്ഥിയുമായ ഡോ. ശശി തരൂർ മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ഇന്ന് പര്യടനം നടത്തും. രാവിലെ കരിയ്ക്കകം ക്ഷേത്രവും സമീപ പ്രദേശങ്ങളും അദ്ദേഹം സന്ദർശിച്ചു. തുടർന്ന് വിവിധ തിരഞ്ഞെടുപ്പ് കൺവെൻഷനുകളിലും അദ്ദേഹം പങ്കെടുക്കും.

LDF സ്ഥാനാർത്ഥി പന്ന്യൻ രവീന്ദ്രൻ ഇന്ന് പൂജപ്പുര LBS, പാപ്പനംകോട് ജുമാ മസ്ജിദ്, ചിത്രാഞ്ജലി, മിൽമ ഓഫീസ് തുടങ്ങി 17 ഓളം സ്ഥലങ്ങൾ സന്ദർശിക്കും.

NDA സ്ഥാനാർഥി രാജീവ് ചന്ദ്രശേഖർ തമ്പാനൂർ KSRTC, കരിയ്ക്കകം തുടങ്ങി സ്ഥലങ്ങളിലും പര്യടനം നടത്തും.

✪✪✪

തിരുവനന്തപുരം ജില്ലയിലെ രണ്ടാമത്തെ ലോക്സഭാ മണ്ഡലമായ ആറ്റിങ്ങലിൽ മൂന്ന് മുന്നണികളുടെയും തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമായി തുടരുന്നു. സിറ്റിംഗ് MP യും UDF സ്ഥാനാർത്ഥിയുമായ അടൂർ പ്രകാശും, LDF സ്ഥാനാർത്ഥി V. ജോയിയും, NDA സ്ഥാനാർത്ഥി V.മുരളീധരനും ഇന്ന് മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ തിരഞ്ഞെടുപ്പ് പ്രചാരണം നടത്തുന്നുണ്ട്.

✪✪✪

കോഴിക്കോട് ലോക്സഭാ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമായി. മൂന്ന് മുന്നണികളും പ്രചാരണ രംഗത്ത് സജീവമായുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.

....(വോയ്സ്)...........

✪✪✪

കണ്ണൂർ ലോക്സഭാ മണ്ഡലത്തിൽ കൺവൻഷനുകളും പര്യടനങ്ങളുമായി മൂന്ന് മുന്നണികളുടെയും പ്രചാരണം ചൂടുപിടിയ്ക്കുന്നു.

UDF കണ്ണൂർ നിയമസഭാ നിയോജക മണ്ഡലം തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് ഉച്ചയ്ക്ക് മുതിർന്ന കോൺഗ്രസ് നേതാവ് V.M. സുധീരൻ ചൊവ്വയിൽ ഉദ്ഘാടനം ചെയ്യും.

NDA കണ്ണൂർ ലോക്സഭാ തെരെഞ്ഞെടുപ്പ് കൺവെൻഷൻ വൈകീട്ട് കണ്ണൂർ സ്റ്റേഡിയം കോർണറിൽ P.C ജോർജ് ഉദ്ഘാടനം ചെയ്യും.

UDF സ്ഥാനാർത്ഥി K.സുധാകരൻ ഇന്ന് പേരാവൂർ മണ്ഡലത്തിൽ പര്യടനം നടത്തും. LDF സ്ഥാനാർത്ഥി M.V ജയരാജൻ മട്ടന്നൂർ മണ്ഡലത്തിലും, NDA സ്ഥാനാർത്ഥി C.രഘുനാഥ് കണ്ണൂർ നിയമസഭാ മണ്ഡലത്തിലും ഇന്ന് പര്യടനം നടത്തും.

✪✪✪

ലോക് സഭാ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടലംഘനവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ MCC നിരീക്ഷണ സ്ക്വാഡുകൾ ഇന്നലെ വൈകിട്ട് വരെ 3,197 പ്രചാരണ സാമഗ്രികൾ നീക്കം ചെയ്തു. പൊതുസ്ഥലങ്ങളിലും സ്വകാര്യസ്ഥലങ്ങളിൽ അനധികൃതമായും സ്ഥാപിച്ച പോസ്റ്റർ, ബാനർ, കൊടിതോരണങ്ങൾ തുടങ്ങിയവയാണ് നീക്കം ചെയ്തത്.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പ് ജോലിക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ജോലി, പരിശീലന കാലയളവിൽ സംഭവിക്കുന്ന അത്യാഹിതം, മറ്റു അസുഖങ്ങൾ എന്നിവയ്ക്ക് ഗവൺമെന്റ് - സ്വകാര്യ ആശുപത്രികൾ പണമീടാക്കാതെ ചികിത്സ നൽകാൻ പദ്ധതി ആരംഭിയ്ക്കുന്നു. ഇത് സംബന്ധിച്ച് കണ്ണൂർ ജില്ലയിലെ ആശുപത്രി അധികൃതരുടെ യോഗം കലക്ടറേറ്റ് ഓഡിറ്റോറിയത്തിൽ ചേർന്നു. പദ്ധതിയ്ക്കായി തെരഞ്ഞെടുപ്പ് കമ്മീഷനാണ് ഫണ്ട് നൽകുന്നത്.

✪✪✪

ലോക് സഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി കണ്ണൂർ ഇരിട്ടിയിൽ കേന്ദ്രസേന എത്തി. CRPF ലെ 80 പേരടങ്ങുന്ന സംഘമാണ് എത്തിയത്. പ്രശ്നബാധിത ബൂത്തുകളിൽ ആയുധധാരികളായ സേനയുടെ കാവലുണ്ടാകും.. ഇരിട്ടി പോലീസ് സബ് ഡിവിഷൻ പരിധിയിലെ സുരക്ഷയ്ക്കായാണ് ഇവരെ വിന്യസിക്കുക.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റ് 17-ാം സീസൺ മൽസരങ്ങൾ ഇന്ന് ആരംഭിക്കും. ചെന്നൈ ചിദംബരം സ്റ്റേഡിയത്തിൽ രാത്രി എട്ടിന് ഉദ്ഘാടന മൽസരത്തിൽ നിലവിൽ ചാമ്പ്യന്മാരായ ചെന്നൈ സൂപ്പർ കിംഗ്സ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും. ചെന്നൈ സൂപ്പർ കിംഗ്സിന്റെ ക്യാപ്റ്റൻ സ്ഥാനം ധോണി, ഋതുരാജ് ഗെയ്ക്വാദിന് കൈമാറിയിരുന്നു.

✪✪✪

കണ്ണൂർ അടക്കാത്തോട് കരിയാൻ കാപ്പിൽ നിന്ന് വനംവകുപ്പ് പിടികൂടിയ കടുവ ചത്തു. ഇന്നലെ വൈകിട്ടോടെ മയക്കു വെടിവെച്ച് പിടികൂടിയ കടുവ രാത്രിയോടെയാണ് ചത്തത്. കടുവയുടെ ശരീരത്തിൽ വ്രണങ്ങൾ ഉണ്ടായിരുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് അത്യുഷ്ണം തുടരുന്ന സാഹചര്യത്തിൽ പത്ത് ജില്ലകളിൽ പ്രഖ്യാപിച്ച മഞ്ഞ ജാഗ്രത ഈ മാസം 25 വരെ നീട്ടി. സാധാരണയെക്കാൾ രണ്ട് മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ താപനില കൂടാൻ സാധ്യതയുണ്ട്.

പാലക്കാട്, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകൾക്കാണ് ജാഗ്രതാ നിർദേശം.

✪✪✪